## സുരക്ഷിത ഭക്ഷണ മേഖലകൾ

49(2517) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പ്രകാരം ഏതൊക്കെ ജില്ലകളിൽ സുരക്ഷിത ഭക്ഷണ മേഖലകൾ ആരംഭിച്ചെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും അത് എത്രമാത്രം പ്രാവർത്തികമായി എന്നും വ്യക്തമാക്കുമോ;

(ബി) ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തി നിലവാര നിർണ്ണയവും വില നിർണ്ണയവും നടത്തുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും ശുചിത്വം ഉറപ്പാക്കാനുമായി എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉള്ളതെന്നും അതു പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ; പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) മാനദണ്ഡം ലംഘിച്ചവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മിഷൻ 676 പ്രകാരം സുരക്ഷിത ഭക്ഷണ മേഖലകൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജില്ലാ ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായിട്ടാണ് "സുരക്ഷിത ഭക്ഷണമേഖല" എന്നുള്ള ആശയം ഒരു സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും പരിശോധിച്ചതിനു ശേഷം മാത്രമേ ഇത് പൂർണ്ണമായും പ്രായോഗിക തലത്തിൽ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും ശുചിത്വം ഉറപ്പാക്കുന്നതിനുമായി 30 ഇന മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു.)* ഈ സർക്കുലർ ലംഘിക്കുന്നവർക്കും സ്ഥാപനങ്ങൾക്കുമെതിരെ ആദ്യ ഘട്ടത്തിൽ നിലവാരം മെച്ചപ്പെടുത്താൻ നോട്ടീസ് നൽകുകയും (ഇംപ്രൂവ്മെന്റ് നോട്ടീസ്) ഗുരുതരമായ വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങൾക്കും കച്ചവടക്കാർക്കുമെതിരെ കോമ്പൗണ്ടിംഗ്, ഫൈൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മനുഷ്യ ശരീരത്തിന് ഹാനികരമായിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മാനദണ്ഡം ലംഘിക്കുന്നവർക്കെതിരെ ആദ്യഘട്ടത്തിൽ നിലവാരം മെച്ചപ്പെടുത്തുവാൻ നോട്ടീസ് നൽകുകയും (ഇംപ്രൂവ്മെന്റ് നോട്ടീസ്) ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കും കച്ചവടക്കാർക്കുമെതിരെ കോമ്പൗണ്ടിംഗ്, ഫൈൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. കൂടാതെ മനുഷ്യ ശരീരത്തിന് ഹാനികരമായിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കട്ടപ്പന താലൂക്കാശുപത്രിയിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ**

50(2518) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പന താലൂക്ക് ആശുപത്രിയിൽ ഏതൊക്കെ തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; പുതിയ തസ്തികകൾ സൃഷ്ടിച്ച് ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കട്ടപ്പന താലൂക്ക് ആശുപത്രിയിൽ, ഗൈനക്കോളജി, അനസ്തേഷ്യ, ശിശുരോഗ വിഭാഗം എന്നിവയിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകൾ അടിയന്തരമായി അനുവദിച്ച് ഉത്തരവ് ഇറക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ പൂണ്ട തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പൂണ്ട തസ്തിക കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly